**Day 74 of 90 days** † † † **7th January 2018**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആവശ്യത്തിനുള്ള ജീവജലം പാനം ചെയ്തു എന്നു കാണുമ്പോൾ ഇടയൻ തന്നെ നമ്മെ മുകളിലേക്ക് നയിക്കുന്നു. വീണ്ടും മുകളിലെത്തി കഴിയുമ്പോൾ, ‘ഞാൻ കുഴിയിൽ ഇറങ്ങിയത് നന്നായി ’ എന്നു പറയുവാൻ സാധിക്കും. ദാവീദിന്റെ ഭാഷയിൽ പറഞ്ഞാൽ ‘ഞാൻ കഷ്ടത്തിലായത് എനിക്ക് ഗുണമായി’ എന്നാണ്. കുഴിയിലിറങ്ങുവാനുള്ള ഭയം നിമിത്തം ചില ആടുകൾ ഇടയൻ കാണാതെ അവിടെ നിന്ന് ഓടിപ്പോകാറുണ്ട്. വെള്ളം കുടിച്ചേ മതിയാകു എന്നതിനാൽ, ഓടുന്ന വഴിയിൽ കാണുന്ന കുഴിയിൽ നിന്നും അവ വെള്ളം കുടിക്കുന്നു. അത് മലിനജലമാണ്. ഇത് ആടിന്റെ നാശത്തിന് കാരണമാകുന്നു എന്നു മാത്രമല്ല. ഇടയന്റെ ഹൃദയത്തെ വേദനിപ്പിക്കുകയും ചെയ്യുന്നതാണ്. കഷ്ടതയുടെ കുഴിയിലേക്ക് ഇടയൻ നയിക്കുമ്പോൾ, കർത്താവിനെ നോക്കികൊണ്ട് അവിടെ ധൈര്യമായി നിൽക്കുന്നതിനു പകരം അവിടെ നിന്ന് ഓടി കഷ്ടപ്പെടാതെ ജലം കുടിക്കുവാൻ ശ്രമിക്കുന്ന ആടുകൾ ഇന്നും ഉണ്ട്. പക്ഷെ, അത് അവരുടെ നാശത്തിനു വഴി തെളിക്കുകയേയുള്ളു എന്ന് മനസ്സിലാക്കുമ്പോഴേക്കും പലപ്പോഴും അപകടം സംഭവിച്ചു കഴിഞ്ഞിരിക്കും. ആകയാൽ സ്നേഹിതാ, ഏതു വിധ കഷ്ടതയായലും ഇടയനെ പിൻപററി ആ നിശ്ചലജലത്തിൽ നിന്നും കുടിച്ചു ബലം പ്രാപിക്കുക. ജലം ലഭിക്കുവാനുള്ള മൂന്നാമത്തെ മാർഗ്ഗം ഒഴുക്കുജലമാണ്. എന്നാൽ നല്ലതുപോലെ ഒഴുകുന്ന ജലത്തിൽ നിന്നും കുടിപ്പാൻ ആടുകൾക്ക് കഴിയുകയില്ല. അങ്ങനെ ഒഴുകുന്ന നദിയുടെ ചില സ്ഥലങ്ങളിൽ ചില പാറയിടുക്കുകൾ ഉണ്ടായിരിക്കും. ആ പാറകളുടെ ഇടയിലുള്ള ജലം നിശ്ചലമായിരിക്കും. അല്ലെങ്കിൽ ജലം നിശ്ചലമാക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നു. അതിനുശേഷം ഇടയൻ ആടുകളെ അവിടേക്ക് നയിക്കുന്നു. ചുററുപാടുകളിൽ വെള്ളം ശക്തിയായി ഒഴുകിക്കൊണ്ടിരിക്കയായിരിക്കാം. എന്നാൽ അതിന്റെയെല്ലാം മദ്ധ്യത്തിൽ ഇടയൻ തന്റെ ആടുകൾക്കായി നിശ്ചലജലം ഒരുക്കിയിരിക്കുന്നു. ലോകത്തിന്റെ എല്ലാ ജോലിത്തിരക്കുകളുടെയും ധനത്തിന്റെ ധൃതഗതിയുടെയും ഈ കാലത്ത് എങ്ങനെ നിശ്ചലജലം ലഭിക്കും എന്ന് സംശയിച്ചേക്കാം. എല്ലാ ബഹളവും തിക്കും തിരക്കും ആയിരിക്കുന്നു എന്നതു ശരിയാണ്. അതിന്റെയിടയിൽ, അതാ ഇടയൻ നിശ്ചലമായ ജലം തന്റെ ആടുകൾക്കായി ക്രമീകരിച്ചിരിക്കുന്നു, എത്ര നല്ല ഇടയൻ. എല്ലാ ബഹളങ്ങളുടെയും ഇടയിൽ ദൈവജനം ദൈവസന്നിധിയിലിരുന്ന് അനുഗ്രഹം പ്രാപിക്കാറുണ്ടല്ലോ. ഭവനത്തിൽ വലിയ ജോലിത്തിരക്കും കുഞ്ഞുങ്ങളുടെയും മററും ബഹളമായിരിക്കും. എന്നാൽ അതിന്റെയെല്ലാം മദ്ധ്യത്തിൽ അല്പം ശാന്തമായ രംഗം ഇടയൻ നമുക്ക് ഒരുക്കുന്നുണ്ടല്ലോ.

തുടരും...